©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഫെബ്രുവരി 12<br>12th February 2019<br>1194 മകരം 29<br>29th Makaram 1194<br>1940 മാഘം 23<br>23rd Magha 1940 | നമ്പർ<br>No. | 7 |

# PART III

# Industries Department

### ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ : എം. വി. ലൗലി)

നമ്പർ ജി-3403/2018. 2018 ജൂലൈ 30.

വിഷയം:—വ്യവസായം—ജില്ലാ വ്യവസായകേന്ദ്രം, ആലപ്പുഴ സഹകരണ സംഘം നിയമം 1969 (ആക്റ്റ്-21) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—31-5-18-ലെ എസ്. സി. ഐ. (എച്ച്. എൽ. ഒ.)-യുടെ റിപ്പോർട്ട്.

ആര്യാട് ഗ്രാമപഞ്ചായത്ത് വനിതാവ്യവസായ സംഘം ലിമി. നമ്പർ എസ്.ഇൻഡ് (എ) 266 എന്ന സംഘം ദീർഘനാളായി പ്രവർത്തനരഹിതമാണ്. 1969-ലെ സഹകരണ നിയമപ്രകാരം സംഘത്തിൽ നടത്തിയ സെക്ഷൻ-65 അന്വേഷണത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് സൂചന പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. കേരള സഹകരണ സംഘം നിയമം 1969 വകുപ്പ്-71 (1) പ്രകാരം സംഘത്തിൽ ലിക്വിഡേറ്ററെ നിയമിക്കേണ്ടതുണ്ട്.

#### ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം, അനുസരിച്ച് ആലപ്പുഴ ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്ന നിലയിൽ കേരള സഹകരണ സംഘം നിയമം 71(1) വകുപ്പ് പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്ത് വനിതാവ്യവസായ സംഘം ലിമി. നമ്പർ എസ്. ഇൻഡ് (എ) 266 എന്ന സംഘത്തിന്റെ ലിക്വിഡേറ്ററായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (എച്ച്. എൽ. ഒ.)-യെ നിയമിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവിലെ തീയതി മുതൽ 3 വർഷത്തിനകം സംഘം സമാപ്തീകരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

ജില്ലാ വ്യവസായ കേന്ദ്രം,
ആലപ്പുഴ.

(ഒപ്പ്)
ജനറൽ മാനേജർ.

Gaz. No. 7/2019/DTP/(Industries).

## ക്ലെയിം നോട്ടീസ്

നമ്പർ ജെ.സി.ഐ. (എച്ച്. എൽ. ഒ.)/266/2018.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 30-7-2018-ലെ ജി/3403/2018-ാം നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പ്രവർത്തിച്ചിരുന്ന ആര്യാട് ഗ്രാമപഞ്ചായത്ത് വനിതാ വ്യവസായ സംഘം ലിമിറ്റഡ് നമ്പർ എസ്.ഇൻഡ്. (എ) 266 എന്ന സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (എച്ച്.ഇൽ.ഒ.)-യെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ ടി സംഘത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിൽ എന്തെങ്കിലും ഇനത്തിൽ അടയ്ക്കുവാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘം അംഗങ്ങളെയും അറിയിക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുശേഷം ലഭിക്കുന്ന യാതൊരുവിധ ബാദ്ധ്യതകളും പരിഗണിക്കുന്നതല്ലെന്നും ഇതിനാൽ ഏവരേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ജില്ലാ വ്യവസായ കേന്ദ്രം,
ആലപ്പുഴ.

ലിക്വിഡേറ്റർ
ജെസിഐ (എച്ച്.എൽ.ഒ.).